Draft #1 of File 26918/EH 3-3/2020/CE .SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-Aug-2020 02:48 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എം എസ് സി ക്ലിനിക്കൽ ന്യൂട്രിഷൻ ആൻഡ് ഡയറ്റെറ്റിക്സ് പ്രോഗ്രാം- പാലാ അൽഫോൻസാ കോളേജിലെ 17 വിദ്യാർത്ഥികളുടെ ഇന്റേൺഷിപ് ഓൺലൈൻ ആയി ചെയ്യാനുള്ള പി ജി ഹോം സയൻസ് വിദഗ്ധ സമിതി ചെയർപേഴ്സന്റെ ശുപാർശ അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 3713/AC A 9/2020/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 19.08.2020

---

*പരാമർശം:*-1. പാലാ അൽഫോൻസാ കോളേജിലെ M Sc ക്ലിനിക്കൽ ന്യൂട്രിഷൻ ആൻഡ് ഡയറ്റെറ്റിക്സ് നാലാം സെമസ്റ്റർ വിദ്യാർത്ഥികളുടെ അപേക്ഷ

2.യു ജി സി യിൽ നിന്ന് ലഭിച്ച 04.05.2020 തീയതിയിലെ D.O.No.F.1-1/2020(Secy)നമ്പർ കത്ത്

3.പി ജി ഹോം സയൻസ് വിദഗ്ധ സമിതിയുടെ ചെയർപേഴ്സന്റെ ഇമെയിൽ സന്ദേശം

4. 13.07.2020 തീയതിയിലെവൈസ് ചാൻസലറുടെ ഉത്തരവ്

5. 15.07.2020 തീയതിയിലെ ഉത്തരവ് നമ്പർ 3210/ACA9/2020/എം ജി യു

**ഉത്തരവ്**

പാലാ അൽഫോൻസാ കോളേജിലെ നാലാം സെമസ്റ്റർ M Sc ക്ലിനിക്കൽ ന്യൂട്രിഷൻ ആൻഡ് ഡയറ്റെറ്റിക്സ് പ്രോഗ്രാമിലെ 17 വിദ്യാർഥികൾ,നിലവിൽ അവർ വിവിധ ആശുപത്രികളിൽ ഇന്റേൺഷിപ് ചെയ്തു വരികയാണെന്നും , 2020 ജനുവരി മാസം ഒന്നാം തീയതി ആരംഭിച്ച ഇന്റേൺഷിപ് കാലാവധി 6 മാസമായിരുന്നുവെന്നും ,COVID-19 ന്റെ പശ്ചാത്തലത്തിൽ ഇന്റേൺഷിപ് തുടരുവാൻ സാധ്യമല്ല എന്നും , നിലവിലെ സാഹചര്യത്തിൽ ആശുപത്രിയിൽ പോയി ഇന്റേൺഷിപ് പൂർത്തിയാക്കുവാൻ സുരക്ഷാ -യാത്ര പരിമിതികൾ ഉള്ളതിനാൽ ഇന്റേൺഷിപ്പ് തുടരുക അസാധ്യമാണെന്നും ,ആയതിനാൽ, ആറു മാസത്തെ ഇന്റേൺഷിപ്പിൽ അവർ ചെയ്ത രണ്ടര മാസത്തെ ഇന്റേൺഷിപ് ആറു മാസം ചെയ്തതായി പരിഗണിച്ചും ചെയ്ത കാലയളവിനനുസൃതമായി സിലബസിൽ പാഠഭാഗങ്ങൾ കുറച്ചു നൽകണമെന്നും പരാമർശം (1 ) പ്രകാരം അപേക്ഷിച്ചിരുന്നു.

പരാമർശം (3 ) പ്രകാരം പി ജി ഹോം സയൻസ് വിദഗ്ധ സമിതിയുടെ ചെയർപേഴ്സന്റെ വിദഗ്ധാഭിപ്രായം തേടിയതിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ഇന്റെർഷിപ്പ് ഓൺലൈൻ ആയി ചെയ്യാമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. Institute of Health and Intelligence and Research, Nellore, Andhra Pradesh, എന്ന സ്ഥാപനത്തിന്റെ അപേക്ഷ ഫോറവും യു ജി സി യുടെ മാർഗനിർദേശങ്ങളും അടങ്ങിയ കത്തും സമർപ്പിച്ചിരുന്നു.

മേൽ പറഞ്ഞ വിവരങ്ങൾ പരിഗണിച്ചു കൊണ്ട് പ്രസ്തുത വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്, ഓൺലൈൻ ആയി Institute of Health and Intelligence and Research, Nellore, Andhra Pradesh ൽ ചെയ്യുവാൻ അനുവദിച്ച്, മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം III വകുപ്പ് 10 (17)

പ്രകാരം വൈസ് ചാൻസലർ ഉത്തരവായതിന്മേൽ, 15.07.2020 തീയതിയിൽ സ ഉ നം 3210/ACA9/2020/എം ജി യു പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ , രണ്ടാം സെമസ്റ്റർ വിദ്യാർഥികൾ എന്ന് തെറ്റായി വന്നത് നാലാം സെമസ്റ്റർ വിദ്യാർഥികൾ എന്ന് മാറ്റം വരുത്താൻ രജിസ്ട്രാർ അംഗീകാരം നൽകിയിരിക്കുന്നു.

പരാമർശം (5) പ്രകാരമുള്ള സർവകലാശാല ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.PS to VC/PVC
2.PA to Registrar/CE
3.Chairperson, Board of Studies, Home Science
4.Principal, Alphonsa College, Pala
5.Content Management/IQAC
6.Stock File

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #1 of File 26918/EH 3-3/2020/CE .SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-Aug-2020 02:48 PM - Page 2